ആംഡ് പോലീസ് ബറ്റാലിയൻ ട്രെയിനിംഗ്

94(1578) ശ്രീ. ഉമ്മൻ ചാണ്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആംഡ് പോലീസ് ബറ്റാലിയൻ ഇപ്പോൾ ഏതെല്ലാം കേന്ദ്രങ്ങളിൽ എത്ര പേർക്ക് ട്രെയിനിംഗ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ ട്രെയിനിംഗ് നടന്നുകൊണ്ടിരിക്കുന്ന ബാച്ചുകൾക്ക് ട്രെയിനിംഗ് തുടങ്ങിയിട്ട് എത്ര ദിവസമായി എന്ന് വ്യക്തമാക്കുമോ;

(സി) ട്രെയിനിംഗ് പൂർത്തിയാക്കാത്തവരെ ലോ ആൻഡ് ഓർഡർ ഡ്യൂട്ടിക്ക് ഈ ബാച്ചുകളിൽ നിന്നും അയച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ആവശ്യമായ ട്രെയിനിംഗ് ലഭിക്കുന്നതിനു മുൻപ് ഇവരെ ഇപ്രകാരം അയയ്ക്കുവാൻ ഉണ്ടായ സാഹചര്യമെന്താണ്;

(ഇ) ഇങ്ങനെ പോകുന്നവർക്ക് ടി.എ./ഡി.എ. എന്നിവ നൽകാറുണ്ടോ;

(എഫ്) റിക്രൂട്ട് ട്രെയിനിംഗ് പോലീസ് കോൺസ്റ്റബിൾമാരിൽ എത്ര പേരെ എവിടെയെല്ലാം ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ജി) ഈ റിക്രൂട്ട് ട്രെയിനിംഗ് പോലീസ് കോൺസ്റ്റബിൾമാരെ ട്രെയിനിംഗ് പൂർത്തിയാക്കുന്നതിന് മുൻപ് ലോ ആന്റ് ഓർഡർ ഡ്യൂട്ടിക്ക് അയക്കുമ്പോൾ അപകടം ഉണ്ടായാൽ നഷ്ടപരിഹാരം കൊടുക്കുവാൻ വ്യവസ്ഥയുണ്ടോ;

(എച്ച്) കഴിഞ്ഞ നാലു മാസത്തിനിടയിൽ ലോ ആന്റ് ഓർഡർ ഡ്യൂട്ടിക്കിടയിൽ റിക്രൂട്ട് ട്രെയിനിംഗ് പോലീസ് കോൺസ്റ്റബിൾമാർക്ക് പരിക്കു പറ്റിയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഐ) ട്രെയിനിംഗ് പൂർത്തിയാകാത്ത റിക്രൂട്ട് ട്രെയിനിംഗ് പോലീസ് കോൺസ്റ്റബിൾമാർ മേലധികാരികളുടെ ഉത്തരവില്ലാതെ അകാരണമായി ലാത്തിച്ചാർജ്ജ് നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജെ) ഫെബ്രുവരി 7-ാം തീയതി കൊല്ലത്തുള്ള കോൺഗ്രസ് പ്രകടനത്തിന് എതിരെ ലാത്തിചാർജ്ജ് നടത്തിയവരിൽ റിക്രൂട്ട് പോലീസ് കോൺസ്റ്റബിൾമാർ ഉണ്ടെന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പരാതി ശരിയാണോ എന്നു വെളിപ്പെടുത്തുമോ;

(കെ) കൊല്ലത്തു പരിക്കു പറ്റിയ പോലീസുകാരിൽ റിക്രൂട്ട് പോലീസ് കോൺസ്റ്റബിൾസ് എത്ര പേർ ഉണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എസ്.എ.പി. ബറ്റാലിയൻ (പുളിങ്കുടി ക്യാമ്പ്) - 148 പേർക്ക്
കെ.എ.പി.ഒന്നാം ബറ്റാലിയൻ (തൃശ്ശൂർ) - 190 പേർക്ക്
കെ.എ.പി.രണ്ടാം ബറ്റാലിയൻ (പാലക്കാട്) - 10 പേർക്ക്
കെ.എ.പി.മൂന്നാം ബറ്റാലിയൻ (മണിയാർ) - 233 പേർക്ക്
കെ.എ.പി.നാലാം ബറ്റാലിയൻ (കണ്ണൂർ) - 138 പേർക്ക്
എം.എസ്.പി. ബറ്റാലിയൻ (മലപ്പുറം) - 162 പേർക്ക്
എസ്.ആർ.എ.എഫ് ബറ്റാലിയൻ (പാണ്ടിക്കാട്) - 3 പേർക്ക്

LIBRARY ARCHIVES Kerala Legislative Assembly

ട്രെയിനിംഗ് നൽകി വരുന്നുണ്ട്.

(ബി) ഇപ്പോൾ ട്രെയിനിംഗ് നടന്നുകൊണ്ടിരിക്കുന്ന ബാച്ചുകളുടെ ബറ്റാലിയൻ തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

എസ്.എ.പി.	-	225 ദിവസം
എം.എസ്.പി.	-	180 "
കെ.എ.പി.ഒന്ന്	-	168 "
കെ.എ.പി.രണ്ട്	-	178 "
കെ.എ.പി. മൂന്ന്	-	171 "
കെ.എ.പി.നാല്	-	171 "
എസ്.ആർ.എ.എഫ്	-	156 "

(സി)&(ഡി) ചില പ്രത്യേക സാഹചര്യങ്ങളിൽ നിയമ സമാധാന റഗുലർ ഡ്യൂട്ടിയിൽ ഏർപ്പെട്ടിരിക്കുന്നവരെ സഹായിക്കുന്നതിനായി അപൂർവ്വ സന്ദർഭങ്ങളിൽ ട്രെയിനിംഗ് പൂർത്തിയാക്കാത്തവരെ നിയോഗിച്ചിട്ടുണ്ട്.

(ഇ) ടി.എ./ഡി.എ. അർഹതയുള്ള ഡ്യൂട്ടിക്ക് ഇവരെ നിയോഗിക്കുമ്പോൾ അവ നൽകാറുണ്ട്.

(എഫ്)-(കെ) റിക്രൂട്ട് ട്രെയിനികളെ റഗുലർ ഡ്യൂട്ടിക്ക് നിയോഗിക്കാറില്ല. നിയമസമാധാന ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ടവരെ സഹായിക്കുന്നതിന് ചുമതലപ്പെടുത്തിയിരുന്ന ട്രെയിനികളിൽ 3 പേർക്ക് നിസ്സാര പരിക്കു പറ്റിയിട്ടുണ്ട്.

സിനിമാ ഷൂട്ടിങ്ങിന് പോലീസിന് നൽകുന്ന പ്രതിഫലം

95(1579) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിനെ സിനിമാഭിനയത്തിന് വിട്ടുകൊടുക്കാറുണ്ടോ; ഉണ്ടെങ്കിൽ വ്യവസ്ഥകൾ എന്തൊക്കെയാണ്;

(ബി) സിനിമയിൽ അഭിനയിക്കുന്ന വിവിധ റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥൻമാർക്ക് എന്തു നിരക്കിൽ പ്രതിഫലം ലഭിക്കും; ഇതിൽ സർക്കാരിനു ലഭിക്കുന്ന വിഹിതം എത്ര;

(സി) സിനിമാ ഷൂട്ടിംഗിന് സംസ്ഥാന പോലീസിന്റെ വാഹനങ്ങളും കെട്ടിടങ്ങളും ആയുധങ്ങളും നൽകുന്നതിനീടാക്കുന്ന തുക എത്രയെന്ന് പ്രത്യേകം പ്രത്യേകം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 13.7.1999-ലെ സർക്കാർ ഉത്തരവ് (എം.എസ്.) 1374/99/ഫിൻ പ്രകാരം നിർദ്ദേശിച്ചിട്ടുള്ള നിരക്കുകൾ സിനിമാ നിർമ്മാതാക്കൾ ട്രഷറിയിൽ അടയ്ക്കുകയും പ്രസ്തുത ഉത്തരവിലെ നിരക്കുകൾ അനുവദിച്ചുകൊള്ളാമെന്ന് കാണിച്ച് രേഖാമൂലം അപേക്ഷ നൽകുകയും ചെയ്യുമ്പോൾ പോലീസ്

LIBRARY ARCHIVES Kerala Legislative Assembly